പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 184 — 14/06/2019 ൽ മറുപടിക്ക്

## ശബരിമല തീർത്ഥാടകർക്കുള്ള സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ്<br>ശ്രീ.രാജു എബ്രഹാം<br>ശ്രീ.സജി ചെറിയാൻ<br>ശ്രീമതി.പി. അയിഷാ പോറ്റി | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | പ്രളയാനുഭവത്തിന്റെ അടിസ്ഥാനത്തിൽ പരിസ്ഥിതി സംരക്ഷണത്തിന് പ്രാധാന്യം നൽകിക്കൊണ്ട് ശബരിമല തീർത്ഥാടകർക്ക് പര്യാപ്തമായ സൗകര്യങ്ങൾ ഒരുക്കുന്നതിന് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ അറിയിക്കാമോ; | (എ) | പ്രളയാനന്തരം ശബരിമല തീർത്ഥാടകരുടെ ബേസ് ക്യാമ്പ് പമ്പയിൽ നിന്നും നിലക്കലേക്ക് മാറ്റുകയും അവിടെ തീർത്ഥാടകർക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് ആവശ്യമായിട്ടുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്റ് വിഹിതം വിനിയോഗിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങളും ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികളും ശബരിമല ഇടത്താവളം പദ്ധതികളും സമയബന്ധിതമായി നടപ്പാക്കുന്നതിന് ചീഫ് സെക്രട്ടറി ചെയർമാനായി ഗവേണിംഗ് ബോഡിയും ദേവസ്വം പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഇംപ്ലിമെന്റേഷൻ കമ്മിറ്റിയും രൂപീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശുപാർശ പ്രകാരം കിറ്റ്കോ ലിമിറ്റഡ് എന്ന കമ്പനിയെ ഇതുവരെ ടെണ്ടർ നടപടികൾ സ്വീകരിക്കാത്ത പ്രവൃത്തികൾക്കുള്ള കൺസൾട്ടൻസിയാക്കി ചുമതല |

| | | | |
|---|---|---|---|
| | | | പ്പെടുത്തി സർക്കാർ ഉത്തരവായിട്ടുണ്ട് . 767 കോടി ബഡ്ജറ്റ് വിഹിതവും കിഫ്ബി അംഗീകാരം നല്കിയ 150 കോടിയും വിനിയോഗിച്ചുളള ഈ നിർമ്മാണ പ്രവൃത്തികൾക്കായി നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു എസ്.പി.വി രൂപീകരിക്കുന്നതിനുളള നടപടി സ്വീകരിച്ചുവരുകയാണ്. |
| (ബി) | ശബരിമല തീർത്ഥാടക സൗകര്യം വർദ്ധിപ്പിക്കുന്നതിനായി കിഫ്ബി വഴി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (ബി) | 1. പമ്പയിൽ 5 എം.എൽ.ഡി സ്വീവേജ് പ്ലാന്റ്<br>2.നിലയ്ക്കലിൽ 5 എം.എൽ.ഡി സ്വീവേജ് പ്ലാന്റ്<br>3.നിലയ്ക്കലിൽ വാഹന പാർക്കിംഗ്.<br>4.നിലയ്ക്കലിൽ ഇടത്താവളം വിപുലീകരണം<br>5.എരുമേലിയിൽ ഇടത്താവളം<br>6.കഴക്കൂട്ടത്ത് ഇടത്താവളം.<br>7. ചെങ്ങന്നൂർ ഇടത്താവളം<br>8. ചിറങ്ങര ഇടത്താവളം<br>9.ശുകപുരം ദക്ഷിണ മൂർത്തി ക്ഷേത്രം ഇടത്താവളം<br>10.മണിയങ്കോട് ഇടത്താവളം<br>11.റാന്നിയിൽ വാഹന പാർക്കിംഗ് എന്നീ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | ശബരിമല മാസ്റ്റർപ്ലാൻ പ്രകാരമുള്ള വികസനത്തിന് പ്രത്യേക കമ്പനി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (സി) | നോൺ പ്രോഫിറ്റ് കമ്പനിയായി ഒരു എസ്.പി.വി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. |
| (ഡി) | നിലയ്ക്കലിൽ സർക്കാർ വിട്ടുനൽകിയ | (ഡി) | ശബരിമല തീർത്ഥാടകർക്കുളള സൗകര്യം |

| | | | |
|---|---|---|---|
| | ഭൂമിയിൽ സൗകര്യം ഒരുക്കുന്ന നടപടികൾ പൂർത്തിയായിട്ടുണ്ടോ; മാസ്റ്റർപ്ലാൻ നടപ്പാക്കുന്നതിനാവശ്യമായ വനഭൂമി വിട്ടുനൽകാൻ കേന്ദ്ര സർക്കാരിൽ നിന്ന് അനുമതി കിട്ടിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | | വർദ്ധിപ്പിക്കുന്നതിനായി കിഫ്ബി വഴി 35 കോടി രൂപ ചിലവിൽ നിലയ്ക്കലിലെ ബേസ് ക്യാമ്പ് വിപുലീകരി ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിലയ്ക്കലിൽ കേന്ദ്രസർക്കാർ ലഭ്യമാക്കിയ 110.54 ഹെക്ടർ വനഭൂമിയിലാണ് ശബരിമല മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പദ്ധതികൾ നടപ്പാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ